'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മുൻകൂർ വേതന വിതരണ പദ്ധതിയിൽ ആറളം ഫാമിലെ പട്ടിക വർഗ്ഗ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.1300/2019/LSGD തീയതി,തിരുവനന്തപുരം, 26/06/2019

പരാമർശം:- 1 സ.ഉ.(കൈ)നം.75/2018/ത.സ്വ.ഭ.വ തീയതി 30.05.2018

2 കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.02.2019-ലെ 4452/എൽ/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്

3 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 16.03.2019-ലെ 1164/ഇ.ജി.എസ്.സി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതനം നൽകുന്നതിന് പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരവും അട്ടപ്പാടിയിൽ പ്രത്യേക പഞ്ചായത്ത് സമിതി, ഊരുസമിതി മുഖാന്തിരവും പദ്ധതി നടപ്പാക്കി വരുന്നു. മുൻകൂർ വേതന വിതരണത്തിനുള്ള തുക പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് അനുവദിക്കുന്നത്. കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന പട്ടികവർഗ്ഗ തൊഴിലാളികളെക്കൂടി പ്രസ്തുത മുൻകൂർ വേതന വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ആറളം ഫാമിലെ കുടുംബശ്രീ സി.ഡി.എസ് മുഖേന ഫാമിലെ പ്രത്യേക (പട്ടിക വർഗ്ഗ) എ.ഡി.എസ് സംവിധാനത്തിലൂടെ പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പദ്ധതി ആറളം ഫാമിൽ തൊഴിലുറപ്പ് പദ്ധതിയിയിൽ തൊഴിലെടുക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട

തൊഴിലാളികൾക്ക് കൂടി ബാധകമാക്കാവുന്നതാണെന്നും അതിനുവേണ്ട ഫീൽഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സന്നദ്ധമാണെന്നും തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം(3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വയനാട് ജില്ലയിലെയും പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലേയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതന വിതരണത്തിനായി പരാമർശം(1) പ്രകാരം അംഗീകരിച്ച് കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയിൽ, കണ്ണൂർ ജില്ലയിലെ ആറളം ഫാമിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുക്കുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുന്നതിനും പരാമർശം (1) പ്രകാരം അംഗീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ആറളം കുടുംബശ്രീ സി.ഡി.എസ് മുഖേന പ്രത്യേക (പട്ടികവർഗ്ഗ) എ.ഡി.എസ് സംവിധാനം ഉപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
ADDITIONAL SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ ,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

സെക്രട്ടറി, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

സെക്രട്ടറി, ആറളം ഗ്രാമ പഞ്ചായത്ത്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

File No.LSGD-DD2/99/2019-LSGD

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ